അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയേറ്റ്	..	12
നിയമവകുപ്പ്	..	2
ധനകാര്യ വകുപ്പ്	..	1
അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്, എറണാകുളം	..	1
ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്	..	1
റവന്യൂ വകുപ്പ്	..	52
ഡ്രഗ്സ് കൺട്രോൾ ഡയറക്ടറേറ്റ്	..	2
സഹകരണ വകുപ്പ്	..	2
സബോർഡിനേറ്റ് ജുഡീഷ്യറി വകുപ്പ്	..	32
ട്രഷറി വകുപ്പ്	..	1
എംപ്ലോയ്മെന്റ് വകുപ്പ്	..	1
ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്	..	10
ഗ്രാമവികസന വകുപ്പ്	..	7
സാമൂഹ്യ ക്ഷേമ വകുപ്പ്	..	4
എക്സൈസ് വകുപ്പ്	..	24
കൃഷി (എസ്.സി.) വകുപ്പ്	..	4
സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്	..	2
വിദ്യാഭ്യാസ വകുപ്പ്	..	11
മോട്ടോർ വെഹിക്കിൾസ് വകുപ്പ്	..	5

തിരുവനന്തപുരം കെമിക്കൽ എക്സാമിനേഴ്സ് ലാബിന്റെ പ്രവർത്തനക്ഷമത

17 [3068] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവനന്തപുരം കെമിക്കൽ എക്സാമിനേഴ്സ് ലാബിന്റെ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കുമോ;

(ബി) ഒരു വർഷം ശരാശരി എത്ര കേസ്സുകൾ പരിശോധനയ്ക്കായി ഇവിടെ എത്തുന്നുണ്ട്; എത്ര കേസുകളിൽ റിസൽട്ട് നൽകുന്നു;

(സി) ഇപ്പോൾ എത്ര കേസ്സുകളിൽ റിസൽട്ട് നൽകാനുണ്ട്;

(ഡി) അവയുടെ വിശദാംശം ഇനം തിരിച്ചും വർഷം തിരിച്ചും വ്യക്തമാക്കുമോ;

(ഇ) റിസൽട്ട് നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) റിസൽട്ട് നൽകുന്നതിൽ മുൻഗണന നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിലെ കോടതികൾ പോലീസ് എക്സൈസ് ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ തുടങ്ങിയവർ അയയ്ക്കുന്ന വിവിധ കുറ്റകൃത്യങ്ങളിൽപ്പെട്ട തൊണ്ടിസാധനങ്ങൾ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ പരിശോധിച്ച് റിപ്പോർട്ട് നൽകിവരുന്നു. ഇപ്രകാരം ചീഫ് കെമിക്കൽ എക്സാമിനർ, ജോയിന്റ് കെമിക്കൽ എക്സാമിനർ, അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ എന്നിവർ നൽകുന്ന വിദഗ്ധാഭിപ്രായം അടങ്ങുന്ന റിപ്പോർട്ട് ക്രിമിനൽ പ്രൊസീഡിയർ കോഡ് 293-ാം വകുപ്പുപ്രകാരം കോടതികൾ സ്വീകരിക്കുന്നു. അബ്കാരി കുറ്റകൃത്യങ്ങളിൽപ്പെടുന്ന തൊണ്ടി സാധനങ്ങൾ, സ്ഫോടക വസ്തുക്കളും അവശിഷ്ടങ്ങളും മയക്കുമരുന്നുകൾ, മായം ചേർത്തതെന്ന് സംശയിക്കപ്പെടുന്ന പെട്രോൾ, ഡീസൽ, സിമന്റ് തുടങ്ങിയ വിവിധ വസ്തുക്കൾ സംസ്ഥാനത്തിനകത്തുള്ള ഡിസ്റ്റിലറികൾ, ബിവറേജസ് കോർപ്പറേഷൻ എന്നിവ അയയ്ക്കുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യ സാമ്പിളുകൾ തുടങ്ങിയ തൊണ്ടിസാധനങ്ങളുടെ രാസപരിശോധനയും നടത്തി റിപ്പോർട്ട് നൽകാറുണ്ട്.

(ബി) ഒരു വർഷം ശരാശരി 11309 കേസുകളിൽപ്പെട്ട 35096 തൊണ്ടി സാധനങ്ങൾ പരിശോധനയ്ക്കായി ലഭിക്കുന്നുണ്ട്. ശരാശരി 10098 കേസുകളിൽപ്പെട്ട 31389 തൊണ്ടിസാധനങ്ങൾ പരിശോധിച്ച് റിസൽട്ട് നൽകുന്നു.

(സി) 1-3-2005-ലെ കണക്കുപ്രകാരം 14095 കേസുകളുടെ റിപ്പോർട്ടു നൽകാനുണ്ട്.

(ഡി) വിശദാംശം അനുബന്ധമായി വയ്ക്കുന്നു.†

(ഇ) ജി.ഒ.(ആർ.റ്റി) നം. 445/05/ആഭ്യന്തരം തീയതി 22-2-2005 പ്രകാരം ചീഫ് കെമിക്കൽ എക്സാമിനർ കൺവീനറും ഫോറൻസിക് സയൻസ് ലാബോറട്ടറി ഡയറക്ടർ, അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (പബ്ലിക് ഗ്രീവൻസ്) അഡീഷണൽ സെക്രട്ടറി (ആഭ്യന്തരം), അഡീഷണൽ സെക്രട്ടറി (ധനകാര്യം) മുതലായവർ മെമ്പർമാരുമായികൊണ്ട് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ പ്രവർത്തനം വിശദമായി പഠിച്ച് കാലതാമസം ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) ഉണ്ട്. അന്വേഷണ ഉദ്യോഗസ്ഥരോ കോടതികളോ ആവശ്യപ്പെടുന്ന കേസുകൾ, സ്ത്രീകളും കുട്ടികളും വികലാംഗരും ഉൾപ്പെടുന്ന കേസ്സുകൾ, സാമൂഹ്യപ്രക്ഷോഭങ്ങൾക്കിടനൽകിയേക്കാവുന്ന കേസ്സുകൾ മുതലായവയ്ക്ക് മുൻഗണന നൽകാറുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.